# ഉഷ ഷോറൂമിൽ പ്രവൃത്തി പരിചയ ക്ലാസ്

**കൊച്ചി:** പ്രമുഖ ഗൃഹോപകരണ – തയ്യൽ മെഷീൻ നിർമാതാക്കളായ ഉഷാ ഇന്റർനാഷണലിന്റെ എംജി. റോഡിൽ രവിപുരത്തുള്ള ഹാബ് ബൈ ഉഷ ഷോറൂമിൽ ഉറ്റവർക്കും സുഹൃത്തുക്കൾക്കും സമ്മാനമായി നൽകാവുന്ന ബാഗുകൾ, വാൾ ഹാങ്ങിങ് എന്നിവ നിർമിക്കാൻ പരിശീലനം നൽകപ്പെടുന്നു.

25 വരെയുള്ള ദിവസങ്ങളിൽ (ഞായറാഴ്ച ഒഴിവ്) രാവിലെ 9.30 മുതൽ വൈകീട്ട് 7.30 വരെയുള്ള സമയങ്ങളിൽ ഷോറൂമിൽ ചെന്നാൽ മതി. ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെയാണ് പരിശീലന സമയം. 700 രൂപ മുതൽ 900 രൂപവരെ ഫീസായി നൽകണം. പരിശീലനാവശ്യമായ എല്ലാ സാമഗ്രികളും കമ്പനി ലഭ്യമാക്കും.ഉഷയുടെ ജാനോം ഓട്ടോ മാറ്റിക് കമ്പ്യൂട്ടറൈസ്ഡ്, ഇലക്ട്രോണിക്, സിഗ്സാഗ് തയ്യൽ മെഷീനുകളെ പരിചയപ്പെടാനും ഇതിനിടയിൽ സാധിക്കും. തയ്യൽ ജോലിക്കാവശ്യമായ സാമഗ്രികൾ വാങ്ങാനും സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484-2358570